സാഹിത്യവീഥി.

"ഗദ്യജനയിതാവ്"

(മൂർക്കോത്തു കുമാരൻ)

"കേരളകാളിദാസനാണ് ഗദ്യജനയിതാവ്", എന്നു ശ്രീമാൻ ഡി ശങ്കരയ്യർ, ഗീവറുഗീസുകത്തനാരാണെന്നു ശ്രീമാൻ ചിത്രമെഴുത്തു വറുഗീസ്. ഇക്കാരാത്തിൽ ഒരുതീർച്ചയെ പിടിച്ചു നടുവിലിടാൻ സാധിക്കാത്തതിൽ ഞാൻ വ്യസനിക്കുന്നു. അയിത്തക്കാരനായ ഒരാളാണു ഭാഷാഗദ്യത്തിൻെറ അഛനെന്നു വന്നാൽ, ഗദ്യത്തിനു തന്നെ പാതിത്യം വന്നുപോകുമെന്നു ഞാൻ ഭയപ്പെടാതെയല്ല. എങ്കിലും ഒന്നു ശ്രമിക്കാമെന്നാണുദ്ദേശിക്കുന്നു. പക്ഷെ എന്തു ചെയ്യും? ഒരാളെ പിടികിട്ടുന്നില്ലല്ലൊ ഒരു മാതിരിയൊക്കെ പറഞ്ഞൊപ്പിക്കേണ്ടെ? അതിനൊരാളെ കാണുന്നില്ല.

കേരളകാളിദാസൻ ഗദ്യത്തിൻെറ അഛനായാലും, "കേരളകാളിദാസനാണ് ഗദ്യജനയിതാവ്" എന്ന വാക്യത്തിനു "പ്രസിദ്ധിഹതം" എന്നൊരു ദോഷമില്ലയൊ, എന്നു ഞാൻ സംശയിക്കുന്നു കാളിദാസൻ എങ്ങിനെയാണു ഗദ്യത്തിൻെറ അഛനാകുക എന്നാണു സംശയം. കേരളകാളിദാസൻ തന്നെയാണു ഗദ്യത്തിൻെറയും അഛൻ എന്നു പറയേണ്ടിയിരുന്നു. ചില ദിക്കിൽ ശ്രീമാൻ ശങ്കരയ്യർ കാളിദാസനെ വിട്ടു, "കേരളവർമ്മദേവൻ" എന്നു പറഞ്ഞിരിക്കുന്നു. തിരുമനസ്സുകൊണ്ടു ഇപ്പോൾ സ്വർഗ്ഗസ്ഥനായതുകൊണ്ടും, സ്വർഗ്ഗത്തിലുള്ളവർ ദേവന്മാരായതുകൊണ്ടും ഈ അഭിധാനം യുക്തിയുക്തമായിരിക്കുന്നു എന്നാൽ ഇതു ശ്രീമാൻ വറുഗീസു സമ്മതിക്കുമൊ, എന്തൊ? ശ്രീയേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർ മാത്രമെ സ്വർഗ്ഗലോകത്തിനു അവകാശികളാകയുള്ളൂ എന്നു അദ്ദേഹം ശഠിക്കുമോ? അങ്ങിനെയാണെങ്കിൽ, അദ്ദേഹം കേരളവർമ്മദേവൻ എന്നു ഉപയോഗിക്കുന്നതു ഒന്നു വച്ചാൽ മതിയല്ലൊ. അതല്ലാതെ അതിനെപ്പററി മറെറാരു തർക്കം കൊണ്ടിടേണ്ട, ഏതായാലും ഒരു കാര്യം തീർച്ചയാണ്. കുമാരനാശാനെപ്പററി കുമാരദേവൻ എന്നു പറവാൻ ശ്രീമാൻ ശങ്കരയ്യർ അനുവദിക്കുമെന്നു തോന്നുന്നില്ല മി. അയ്യർ "ധൂമകേതു"വിൻെറ മുതല കണ്ടുപിടിച്ചു വാദിക്കുന്ന ആളായാലും. സമ്മതിക്കയില്ല വെൺമണിദേവൻ, നടുവത്തുദേവൻ, എന്നൊക്കെ പറയാമോ? പാടില്ല, അവരൊക്കെ ജീവനോടുകൂടി ഇരിക്കുമ്പോൾ തന്നെ ഭൂദേവന്മാരായിരുന്നു സ്വർഗ്ഗത്തിലെത്തിയാൽ ഒരു പ്രൊമോഷൻ ഉണ്ടാകുമല്ലൊ.

ഞാൻ അല്പമൊന്നു വഴിപിഴച്ചാണു പറയുന്നതു്. ഗദ്യത്തിൻെറ അഛനെപ്പററിയല്ലെ പറഞ്ഞതു്. ആദ്യം ഗദ്യം എഴുതിയ ആളാണു് ഗദ്യത്തിൻെറ പിതാവു് എന്ന പേരിനു് അർഹനെങ്കിൽ അതു് ആരാണെന്നു പറവാൻ, മി. വറുഗീസിനാവില്ല, മി അയ്യർക്കാവില്ല, എനിക്കും ആവില്ല. ആർക്കും ആവില്ല. ഗദ്യം എഴുതി ആദ്യം അച്ചടിപ്പിച്ച ആളാണു് ഗദ്യത്തിൻെറ ജനയിതാവു് എന്നു പറയാമോ? അതു തരക്കേടില്ല എന്നാൽ ആദ്യത്തെ ആ ഗദ്യപ്രബന്ധം അച്ചടിക്കുവാൻ കരുക്കൾ പെറുക്കിയെടുത്തു നിരത്തിയ കമ്പോസിററരെ ഗദ്യത്തിൻെറ തലതൊട്ടഛൻ എന്നും പറയേണ്ടിവരും. ഇതു മി വറുഗീസിനും മി അയ്യർക്കും സമ്മതമാണെങ്കിൽ അതു ഞാനും സമ്മതിക്കാം.

ഇങ്ങിനെ എഴുതിക്കൊണ്ടിരിക്കുമ്പോൾ, എനിക്കൊന്നു തോന്നി. ഗദ്യത്തിൻെറ ജനയിതാവെന്നോ, പിതാവെന്നോ, അഛനെന്നോ, അഥവാ അപേരുകൊണ്ടു വിവക്ഷിക്കപ്പെടുന്ന ആളെപ്പററി അന്വേഷിച്ചന്വേഷിച്ചു് അടിയിലെത്തുമ്പോൾ അതു് ഒരു സ്ത്രീയായിരുന്നുവെന്നു തെളിഞ്ഞെങ്കിൽ ഗദ്യത്തിൻെറ ജനയിത്രി എന്നോ, മാതാവെന്നോ, അമ്മ എന്നോ, പറയുന്നതിനെക്കാൾ, നമ്മുടെ ആവശ്യത്തിനു ഉതകുന്നതു; "നവീനഗദ്യരീതിയുടെ ജനകൻ" എന്നു പറയുന്നതല്ലെ? മലയാളഭാഷ സംസാരിച്ചു തുടങ്ങിയ കാലത്തു തന്നെ മലയാളഗദ്യവും ഉണ്ടായിരുന്നിരിക്കണമല്ലൊ. അതല്ല, ആദ്യം തന്നെ,

"എവിടെക്കാണുപോകുന്ന
തിവിടെക്കെന്തിരുന്നിടാം"

എന്നും മററും ഉള്ള രീതിയിലായിരുന്നുവോ സംഭാഷണം? ആദ്യം കേരളീയർ അന്യോന്യം കത്തുകൾ എഴുതിക്കൊണ്ടിരുന്നതു്.

"സോമബിംബസമസുന്ദരവക്ത്രൻ
കാമകോമളനുദാരമനസ്കൻ
കാമപാലസഹജനു സമോദം
ഭീമപുത്രിയെഴുതുന്നൊരു കത്തു്"

എന്ന രീതിയിലായിരുന്നുവോ? വിദ്യാശാലകളിൽ ഗുരുനാഥന്മാർ ശിഷ്യന്മാരോടു ചോദ്യങ്ങൾ ചോദിച്ചിരുന്നതു്.

"എന്തംഭോരുഹ കേസരദ്യുതിയതി
ന്നർത്ഥം കഥിച്ചീടുനീ"

എന്നും; അതിനുള്ള ഉത്തരം.

"അംഭസ്സെന്നതു വെള്ളമാമതിൽ രുഹി
ക്കെന്നാൽ മുളെക്കുന്നഹൊ,
സംഭ്രാന്ത്യാ പറയുന്നിതെൻെറ ഗുരവേ
യാദോരുഹം താമര,
കിംഭൊ, കേസരമല്ലിയാംദ്യുതിസമാ
ശോഭയ്ക്കു പര്യായവും
നിമ്പാദംപണിയുന്നു താമരയതി
ന്നല്ലിപ്രകാശം വിഭൊ"

എന്നും ഉള്ള സമ്പ്രദായത്തിലായിരുന്നുവോ? അല്ലല്ലൊ. എല്ലാം ഗദ്യത്തിലായിരുന്നു. പിന്നെ ഗദ്യത്തിൻെറ ജനയിതാവ് ആരാണെന്നു മി വറുഗീസൊ മി. ശങ്കരയ്യരൊ, വല്ലവരെയും തീർച്ചയാക്കിയാൽ ഇവിടെ വെച്ചല്ലെങ്കിൽ സ്വർഗ്ഗത്തിൽ വെച്ചെങ്കിലും ഒരു സിവിൽ കേസിനു സംഗതി വരും. അതുകൊണ്ടു, വിവക്ഷിച്ച അർത്ഥം വ്യക്തമാക്കിക്കൊണ്ടു, "നവീനഭാഷാഗദ്യരീതിയുടെ ജനയിതാവ് ആരാണ്" എന്ന തലക്കുറിപ്പുകൊണ്ടുവേണ്ടു മി. വറുഗീസും മി അയ്യരും ഒരു വാദപ്രതിവാദം നടത്തിയാൽ കൊള്ളാം

എന്നാൽ ഇതിൽ ചില കാര്യങ്ങൾ ഓർക്കാനുണ്ടു്. ആദ്യകാലത്തു നടപ്പുണ്ടായിരുന്ന ഗദ്യരീതിയുടെ വ്യവസ്ഥകേട് എന്തെല്ലാമായിരുന്നു? അവയെ കണ്ടറിഞ്ഞു് ഇല്ലായ്മ ചെയ്വാൻ ആർ ആദ്യം ശ്രമിച്ചു? ഭാഷാഗദ്യം മററു വല്ല ഭാഷയ്ക്കും അടിമപ്പെട്ടിരുന്നുവോ? അതിൽ നിന്നു് അതിനെ വീണ്ടെടുക്കുവാൻ പ്രധാനമായി ആർ ആദ്യം ശ്രമിച്ചു? കേരളത്തിലെ ദേശവ്യത്യാസമനുസരിച്ച ഭാഷയ്ക്കുണ്ടായ വ്യത്യാസത്തെ കണ്ടറിഞ്ഞു് അതിനു സാർവത്രികമായ ഐകരൂപ്യം വരുത്തുവാൻ ആർ ഒന്നാമതു ശ്രമിച്ചു? ഭാഷയിൽ പദങ്ങൾ വേർതിരിച്ചുപടിച്ച ചിഹ്നങ്ങൾ ഉപയോഗിക്കുവാൻ ആർ ശ്രമിച്ചു, ആർ അതു നടപ്പിലാക്കി? അരുടെ ഭാഷാരീതിയെയാണു, ജാതിമാഹാത്മ്യത്തെയും സ്ഥാനവലിപ്പത്തെയും അഗണ്യമാക്കിക്കൊണ്ടു്, അനുകരിക്കുവാൻ ജനങ്ങൾക്കു്, അവർ അറിയാതെ തന്നെ പൊതുവിൽ ഒരു വാസനയുള്ളതായി കാണുന്നതു്? ഇവയെപ്പററി ശരിയായ ഗവേഷണം ചെയ്തു മി വറുഗീസും മി. അയ്യരും ലേഖനങ്ങൾ എഴുതുന്നതു ഭാഷയ്ക്കും ജനങ്ങൾക്കും പ്രയോജനകരമായിത്തീരും. അതല്ലാതെ ഗീവറുഗീസു കത്തനാരെ പിടിച്ചു് ഒരാളും കേരളകാളിദാസനെ പിടിച്ചു മറെറാരാളും തമ്മിൽ തല്ലിയാൽ ആ മഹാത്മാക്കളുടെ ചില എല്ലും പല്ലും ഒടിവാനല്ലാതെ മററു വിശേഷിച്ചു ഫലമൊന്നും ഉണ്ടാകയില്ല

ഞാൻ ഒന്നു കൂടി പറയാം. ക്ഷമിക്കണം, മേൽപ്പറഞ്ഞ ഗവേഷണത്തിനു പരിശ്രമിക്കുമ്പോൾ പരേതനായ കെ. ഐ. വറുഗീസ് മാപ്പിള അവർകളെയും ഒന്നു ഓർമ്മിച്ചുകൊള്ളണം.

കവിതാപംക്തി.

"പുഷ്പകീർത്തനം."

(വിദ്വാൻ ഏ. എൻ. പണിക്കർ)

"കാകളി"

മാമകമാനസവൃന്ദാവനത്തിലെ–
ക്കോമളചിന്തയാം മാലതീവല്ലിയിൽ
ആമോദമേറും വളർത്തുന്ന സൂനങ്ങൾ
സീമാവിഹീനമായുണ്ടായ്, കൊഴിഞ്ഞു
പോയ്,
കാലക്ഷേപാദിയാലെത്തുംനശിക്കാതെ–
ലാലസിച്ചീടുന്നപാരമൊരുസുമം
ആശ്ചര്യമായതിൻ കാരണമെന്തെന്നു–
നിശ്ചയിച്ചീടുവാൻ കാംക്ഷിപ്പതുണ്ടു
ഞാൻ